പതിനഞ്ചാം കേരള നിയമസഭ

# (FIFTEENTH KERALA LEGISLATIVE ASSEMBLY)

സബ്ജക്ട് കമ്മിറ്റി XIII

# (SUBJECT COMMITTEE XIII)

സാമൂഹ്യസേവനം

## (SOCIAL SERVICES)

പീരിയോഡിക്കൽ റിപ്പോർട്ട്

(2021 മാർച്ച് 31 വരെയുള്ള)

## (PERIODICAL REPORT AS ON 31st MARCH 2021)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരം

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2021 ആഗസ്റ്റ് 3-ാം തീയതി സമർപ്പിച്ചത്

(Presented on 3rd August 2021)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2021

പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XIII

# (SUBJECT COMMITTEE XIII)

# സാമൂഹ്യസേവനം

# (SOCIAL SERVICES)

**പീരിയോഡിക്കൽ റിപ്പോർട്ട്**

**(2021 മാർച്ച് 31 വരെയുള്ളത്)**

**(PERIODICAL REPORT AS ON 31st MARCH 2021)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

1178/2021.

# ഉള്ളടക്കം


| | പേജ് |
|---|---|
| സമിതിയുടെ ഘടന | .. v |
| അവതാരിക | .. vii |
| റിപ്പോർട്ട് | .. 1 |
| അനുബന്ധം | .. 14 |

# സബ്ജക്ട് കമ്മിറ്റി XIII

## (സാമൂഹ്യസേവനം)

## (2021-2023)

### ഘടന

<u>ചെയർമാൻ</u> :

ശ്രീ. കെ. രാധാകൃഷ്ണൻ,

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി.

<u>എക്സ് - ഒഫീഷ്യോ അംഗം</u> :

ഡോ. ആർ. ബിന്ദു,

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. കെ. ആൻസലൻ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. ഒ. ആർ. കേളു

ശ്രീ. യു. എ. ലത്തീഫ്

ശ്രീ. സി. സി. മുകുന്ദൻ

ശ്രീ. എം. നൗഷാദ്

ശ്രീ. രമേശ് ചെന്നിത്തല

ശ്രീമതി ശാന്തകുമാരി കെ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. മാത്യുക്കുട്ടി ജി., അഡീഷണൽ സെക്രട്ടറി

ശ്രീ. അബ്ദുൾ നാസർ എം., അണ്ടർ സെക്രട്ടറി.

# അവതാരിക

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) അനുസരിച്ച് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

14-ാം കേരള നിയമസഭയുടെ സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII (2019-2021), 2019 ജനുവരി 7-ാം തീയതി രൂപീകൃതമായി. പ്രസ്തുത സമിതിയിൽ ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി ശ്രീ. എ. കെ. ബാലൻ ചെയർമാനും, ബഹു. ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ എക്സ്-ഒഫീഷ്യോ അംഗവും എം.എൽ.എ.-മാരായ പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീ. അൻവർ സാദത്ത്, ശ്രീമതി സി. കെ. ആശ, ശ്രീ. ഐ. സി. ബാലകൃഷ്ണൻ, ശ്രീ. ഒ. ആർ. കേളു, ശ്രീ. എം. മുകേഷ്, ശ്രീ. യു. ആർ. പ്രദീപ്, ശ്രീ. സി. കെ. ശശീന്ദ്രൻ എന്നിവർ അംഗങ്ങളുമായിരുന്നു. 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ സമിതി 24-7-2020, 28-10-2020, 31-12-2020, 23-2-2021 എന്നീ തീയതികളിലായി 4 യോഗങ്ങൾ ചേർന്നു. 24-7-2020-ലെ യോഗത്തിൽ Rights of Persons with Disabilities (Kerala) Rules എസ്.ആർ.ഒ. നമ്പർ 262/2020, 2017-18, 2019-20 എന്നീ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ, 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് 2020 മാർച്ച്, 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് എന്നിവ പരിഗണിച്ചു

28-10-2020-ലെ സമിതിയോഗം 2017-18, 2020-21 എന്നീ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ, പിന്നാക്ക വിഭാഗ വികസനം, ആഭ്യന്തരം എന്നീ വകുപ്പുകൾ ലഭ്യമാക്കിയ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ, എന്നിവ പരിഗണിച്ചു.

31-12-2020-ലെ സമിതിയോഗം 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ, ആഭ്യന്തരം, സൈനികക്ഷേമം എന്നീ വകുപ്പുകൾ ലഭ്യമാക്കിയ 2019-20 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ എന്നിവ പരിഗണിച്ചു

23-2-2021-ലെ സമിതിയോഗം 2015-16, 2016-17, 2017-18, 2019-20, 2020-21 എന്നീ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ വകുപ്പുകൾ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ, 2018-19 സാമ്പത്തിക വർഷത്തെ പട്ടികജാതി വികസനം, സൈനികക്ഷേമം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ, 2019-20 സാമ്പത്തിക വർഷത്തെ പിന്നാക്കവിഭാഗ വികസനം, പൊതുഭരണ (എഫ്.എഫ്.പി.ബി.) എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ എന്നിവ പരിഗണിച്ചു. പ്രസ്തുത യോഗങ്ങളിലെ ശരാശരി ഹാജർ നില 40% ആയിരുന്നു.

ഈ റിപ്പോർട്ട് 7 അദ്ധ്യായങ്ങളായാണ് തയ്യാറാക്കിയിട്ടുള്ളത്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

അദ്ധ്യായം I—സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

അദ്ധ്യായം II—സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശങ്ങൾ

അദ്ധ്യായം III—സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ.-കൾ സംബന്ധിച്ച വിശദാംശങ്ങൾ

അദ്ധ്യായം IV—നിയമസഭാ ചട്ടം 235(എ) പ്രകാരം ചേർന്ന സമിതിയോഗം സംബന്ധിച്ച വിശദാംശങ്ങൾ

അദ്ധ്യായം V—നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ

അദ്ധ്യായം VI—(എ) 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ സംഗ്രഹം. (ബി) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മുൻ വർഷങ്ങളിലെ റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും

അദ്ധ്യായം VII—സമിതിയുടെ പ്രത്യേക റിപ്പോർട്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ

സമിതിയുടെ യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 2021 ആഗസ്റ്റ് 2-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

കെ. രാധാകൃഷ്ണൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XIII.*

തിരുവനന്തപുരം,
2021 ആഗസ്റ്റ് 2.

# റിപ്പോർട്ട്

## അദ്ധ്യായം I

## സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

1. 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് 24-7-2020-ലെ സമിതിയോഗം അംഗീകരിക്കുകയും റിപ്പോർട്ട് 24-8-2020-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2. 2019 ഏപ്രിൽ 1 മുതൽ 2020 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട് 24-7-2020-ലെ സമിതിയോഗം പരിഗണിക്കുകയും പ്രസ്തുത റിപ്പോർട്ട് 24-8-2020-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

## അദ്ധ്യായം II

## സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശങ്ങൾ

റിപ്പോർട്ട് കാലയളവിൽ ബില്ലുകളൊന്നും സമിതിയുടെ പരിഗണനയ്ക്ക് ലഭിച്ചിട്ടില്ല

## അദ്ധ്യായം III

## സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ.-കൾ സംബന്ധിച്ച വിശദാംശങ്ങൾ

2020-ലെ Rights of Persons with Disabilities (Kerala) Rules (എസ്.ആർ.ഒ. നമ്പർ 262/2020) പ്രസിദ്ധപ്പെടുത്തിയ നടപടി 24-7-2020-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു

## അദ്ധ്യായം IV

## നിയമസഭാ ചട്ടം 235 (എ) പ്രകാരം ചേർന്ന സമിതിയോഗം സംബന്ധിച്ച വിശദാംശങ്ങൾ

റിപ്പോർട്ട് കാലയളവിൽ 235 (എ) പ്രകാരം യോഗം ചേർന്നിട്ടില്ല.

## അദ്ധ്യായം V

## നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ

(i) കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(6) പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ/മറ്റ് പിന്നാക്ക ന്യൂനപക്ഷ

വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട 2013-14 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് 24-8-2020-നും പട്ടികജാതി വികസന വകുപ്പിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് (കാലതാമസപത്രിക സഹിതം), പിന്നാക്കവിഭാഗ വികസന വകുപ്പിന്റെ 2019-20 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് (കാലതാമസപത്രിക സഹിതം) എന്നിവ 13-1-2021-നും ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും, സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി ശ്രീ. എ. കെ. ബാലൻ സഭയിൽ സമർപ്പിച്ചു.

(ii) സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന ആഭ്യന്തര വകുപ്പിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് (കാലതാമസപത്രിക സഹിതം) 24-8-2020-നും, സൈനികക്ഷേമ വകുപ്പിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് (കാലതാമസപത്രിക സഹിതം) 13-1-2021-നും ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ സഭയിൽ സമർപ്പിച്ചു.

## അദ്ധ്യായം VI

### (എ) 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ സംഗ്രഹം.

2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ 85 ശിപാർശകളിന്മേൽ പട്ടികജാതി വികസനം, പട്ടികവർഗ്ഗ വികസനം, പിന്നാക്കവിഭാഗ വികസനം, സാമൂഹ്യനീതി, വനിത-ശിശുവികസനം, ആഭ്യന്തരം, പൊതുഭരണം, സൈനികക്ഷേമം എന്നീ വകുപ്പുകളിൽ നിന്നും ലഭ്യമായ നടപടി സ്റ്റേറ്റ്മെന്റുകൾ നടപ്പു വർഷത്തെ ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### ബി) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മുൻവർഷങ്ങളിലെ റിപ്പോർട്ടുകളിലെ ശിപാർശകളും, അതിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും.

2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക 3-ലെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്.

(പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് 3-11-2016-ലെ 14877 ഇ 1/15/പ.ജ.പ.വ.വി.വ. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയത്)

ശിപാർശ നമ്പർ 3

2225-80-800-96—കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിനുള്ള കമ്മീഷൻ

ശമ്പളയിനത്തിൽ മാത്രം കമ്മീഷന് ഒരു വർഷം 1,74,00,000 രൂപയും ശമ്പളയേതരയിനത്തിൽ 83,00,000 രൂപയും ഉൾപ്പെടെ ആകെ 2,57,00,000 രൂപ ആവശ്യമുണ്ട്. എന്നാൽ നിലവിലെ ബഡ്ജറ്റിൽ 83,56,000 രൂപയും 42,47,000 രൂപയും ഉൾപ്പെടെ ആകെ 1,26,03,000 രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ആയതിനാൽ ബഡ്ജറ്റ് വിഹിതത്തിനുപുറമെ ശമ്പളയിനത്തിൽ 90,44,000 രൂപയും ശമ്പളയേതരയിനത്തിൽ 40,53,000 രൂപയും ഉൾപ്പെടെ ആകെ 1,30,97,000 രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2015-16 സാമ്പത്തിക വർഷം കമ്മീഷന് ശമ്പളയിനത്തിൽ 83,56,000 രൂപ ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിരുന്നു. ഇതിനുപുറമെ 87,47,000 രൂപ ശമ്പളയിനത്തിൽ അധികമായി അനുവദിച്ചിട്ടുണ്ട്. ശമ്പളയേതരയിനത്തിൽ കമ്മീഷന് 2015-16 സാമ്പത്തികവർഷം 42,47,000 രൂപയാണ് അനുവദിച്ചിരുന്നത്. ഇതിൽ നിന്ന് 25,00,000 രൂപയാണ് കമ്മീഷൻ വിനിയോഗിച്ചത്. ആയതിനാൽ ടി ഇനത്തിൽ അധികമായി തുക അനുവദിച്ചിട്ടില്ല.

(പ്രസ്തുത നടപടി സ്റ്റേറ്റ്മെന്റ് സമർപ്പിക്കുവാനുണ്ടായ കാലതാമസം സംബന്ധിച്ച ഡിലേ സ്റ്റേറ്റ്മെന്റ് നിയമസഭാ ചട്ടം 236(5) പ്രകാരം 22-1-2021-ന് സഭയിൽ സമർപ്പിക്കുകയും നടപടി സ്റ്റേറ്റ്മെന്റ് 23-2-2021-ലെ യോഗത്തിൽ സമിതി അംഗീകരിക്കുകയും ചെയ്തു.)

2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക 2-ലെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്:

ശിപാർശ നമ്പർ 2

2225-01-277-98-12—മെട്രിക്കുലേഷന് ശേഷമുള്ള പഠനങ്ങൾ (100% കേന്ദ്രാവിഷ്കൃത പദ്ധതി)

മെട്രിക്കുലേഷന് ശേഷമുള്ള പഠനങ്ങൾക്കായി പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് നൽകിവരുന്ന ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, ഫീസ്, പോക്കറ്റ് മണി എന്നിവ വർദ്ധിപ്പിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ സർക്കാർ അംഗീകരിക്കുന്നപക്ഷം വർദ്ധിപ്പിച്ച നിരക്കിൽ ആനുകൂല്യങ്ങൾ നൽകുന്നതിന് നിലവിൽ

വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമാവുകയില്ല. ആയതിനാൽ ഈ ശീർഷകത്തിൽ നിലവിലുള്ള വിഹിതത്തിന് പുറമെ 10 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2225-01-277-98—പോസ്റ്റ് മെട്രിക്കുലേഷൻ സ്റ്റഡീസ്-12 സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും എന്ന പദ്ധതിക്കായി 2016-17 സാമ്പത്തിക വർഷത്തെ ബജറ്റിൽ 260 കോടി രൂപയാണ് വകയിരുത്തിയിരുന്നത്.

സ.ഉ. (സാധാ) നമ്പർ 3989/2016/ഫിൻ. തീയതി 2-5-2016 പ്രകാരം ഈ പദ്ധതിക്കായി 81.24 ലക്ഷം രൂപ 2016-17-ൽ അഡീഷണൽ ഓതറൈസേഷൻ മുഖേന അധികമായി അനുവദിച്ചു.

(പ്രസ്തുത നടപടി സ്റ്റേറ്റ്മെന്റ് സമർപ്പിക്കുവാനുണ്ടായ കാലതാമസം സംബന്ധിച്ച ഡിലേ സ്റ്റേറ്റ്മെന്റ് നിയമസഭാ ചട്ടം 236(5) പ്രകാരം 13-1-2021-ന് സഭയിൽ സമർപ്പിക്കുകയും നടപടി സ്റ്റേറ്റ്മെന്റ് 23-2-2021-ലെ യോഗത്തിൽ സമിതി അംഗീകരിക്കുകയും ചെയ്തു.)

2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ

<u>ശിപാർശ നമ്പർ 1</u>

2225-01-102-97(പ്ലാൻ)—<u>പട്ടികജാതി യുവതികളുടെ വിവാഹധനസഹായം</u>

2016-17 സാമ്പത്തിക വർഷം പട്ടികജാതി യുവതികളുടെ വിവാഹ ധനസഹായത്തിനായി ലഭിച്ച അപേക്ഷകളിൽ ശേഷിക്കുന്ന അപേക്ഷകർക്ക് ധനസഹായം അനുവദിക്കേണ്ടതിനാലും വിവാഹ ധനസഹായ തുക 75,000 രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ നൽകിയിട്ടുള്ള സാഹചര്യത്തിലും ഇതിനായി നിലവിൽ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 15 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2017-18 സാമ്പത്തിക വർഷത്തിൽ പട്ടികജാതിക്കാർക്കുള്ള വിവാഹ ധനസഹായ ആനുകൂല്യത്തിനായി സമിതിക്ക് മുമ്പാകെ ആവശ്യപ്പെട്ടിരുന്ന തുക ലഭ്യമാകാത്ത സാഹചര്യത്തിൽ റീ-അപ്രോപ്രിയേഷൻ മുഖേന 6,28,65,000 രൂപ കണ്ടെത്തുകയും അപ്രകാരം 2017-18 സാമ്പത്തിക വർഷം ടി പദ്ധതിക്കായി 58,88,10,000 രൂപ ചെലവഴിക്കുകയും ചെയ്തിരുന്നു. ആയതിനാൽ അധിക തുക ആവശ്യമായി വന്നിരുന്നില്ല.

(പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് 10-1-2020-ലെ SCSTDD-F2/98/2018 നമ്പർ കത്ത് മുഖേന ലഭ്യമാക്കിയത്)

(പ്രസ്തുത നടപടി സ്റ്റേറ്റ്മെന്റ് സമർപ്പിക്കുവാനുണ്ടായ കാലതാമസം സംബന്ധിച്ച ഡിലേ സ്റ്റേറ്റ്മെന്റ് നിയമസഭാ ചട്ടം 236(5) പ്രകാരം 6-2-2020-ന് സഭയിൽ സമർപ്പിക്കുകയും നടപടി സ്റ്റേറ്റ്മെന്റ് 24-7-2020-ലെ യോഗത്തിൽ സമിതി അംഗീകരിക്കുകയും ചെയ്തു.)

## ശിപാർശ നമ്പർ 2

2225-01-277-99-12—മെട്രിക്കുലേഷന് മുമ്പുള്ള പഠനങ്ങൾ-സ്കോളർഷിപ്പും സ്റ്റൈപ്പന്റും

പ്രീമെട്രിക് പഠനങ്ങൾക്കായി പട്ടികജാതി വിദ്യാർത്ഥികൾക്ക് നൽകിവരുന്ന ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ് എന്നിവ 2016-17 സാമ്പത്തിക വർഷം മുതൽ വർദ്ധിപ്പിച്ച് ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ വർദ്ധിപ്പിച്ച നിരക്കിലുള്ള തുക നൽകുന്നതിന് നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ ഒരു കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-01-277-99-12—മെട്രിക്കുലേഷന് മുമ്പുള്ള പഠനങ്ങൾ-സ്കോളർഷിപ്പും സ്റ്റൈപ്പന്റും (NPV) എന്ന പദ്ധതിക്കായി 2017-18 ബഡ്ജറ്റിൽ 33 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്.

സ.ഉ.(സാധാ.) നമ്പർ 2305/2018/ഫിൻ. തീയതി 22-3-2018 പ്രകാരം 83 ലക്ഷം രൂപ ധനപുനർവിനിയോഗം വഴി ഈ പദ്ധതിക്കായി 2017-18 വർഷം അധികമായി ലഭിച്ചു.

(പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് 29-1-2020-ലെ എ1/85/2019/ പ.ജ.പ.വ.വി.വ. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയത്)

(പ്രസ്തുത നടപടി സ്റ്റേറ്റ്മെന്റ് സമർപ്പിക്കുവാനുണ്ടായ കാലതാമസം സംബന്ധിച്ച ഡിലേ സ്റ്റേറ്റ്മെന്റ് നിയമസഭാ ചട്ടം 236(5) പ്രകാരം 24-8-2020-ന് സഭയിൽ സമർപ്പിക്കുകയും നടപടി സ്റ്റേറ്റ്മെന്റ് 28-10-2020-ലെ യോഗത്തിൽ സമിതി അംഗീകരിക്കുകയും ചെയ്തു.)

## ശിപാർശ നമ്പർ 31

2235-02-103-80 —ജെന്റർ പാർക്ക്

ജെന്റർ പാർക്കിന്റെ കോഴിക്കോട്ടുള്ള ക്യാമ്പസ്സിന്റെ ഒന്നാം ഘട്ട നിർമ്മാണം മെ. ഊരാലുങ്കൽ ലേബർ കോപ്പറേറ്റീവ് സൊസൈറ്റിയെ ഏൽപ്പിച്ചിരുന്നു. പ്രസ്തുത നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനായി നിലവിൽ വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമാവുകയില്ല. ആയതിനാൽ ഈ ശീർഷകത്തിൽ അധികമായി 6.54 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ജെന്റർ പാർക്കിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ചെലവഴിച്ച തുക പൂർത്തിയായ പ്രവൃത്തി എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അടങ്ങുന്ന ഒരു ഡീറ്റെയിൽഡ് സ്റ്റഡി റിപ്പോർട്ട് സമിതിക്ക് സമർപ്പിക്കാൻ വകുപ്പ് സെക്രട്ടറിയോട് സമിതി നിർദ്ദേശിച്ചു

സ്വീകരിച്ച നടപടി

സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ ജെന്റർ പാർക്ക് എന്ന സ്ഥാപനം ട്രാവൻകൂർ ലിറ്ററി സയന്റിഫിക് & ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് 1955 പ്രകാരം രജിസ്റ്റർ ചെയ്ത് 2015 മുതൽ പ്രവർത്തനം ആരംഭിച്ചു. ജെന്റർ പാർക്ക് കോഴിക്കോട് കെട്ടിട സമുച്ചയ നിർമ്മാണത്തിന്റെ ആർക്കിടെക്ച്ചറൽ ഡിസൈൻ കൺസൾട്ടൻസി സർവ്വീസ് 7-10-2013-ലെ സർക്കാർ ഉത്തരവ് പ്രകാരം സ്പെയ്സ് ആർട്ട് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും പ്രസ്തുത ഏജൻസി തയ്യാറാക്കിയ പ്ലാനിന്റെയും എസ്റ്റിമേറ്റ്സിന്റെയും അടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തനങ്ങളുടെ ആദ്യഘട്ടം 23-9-2015-ലെ സർക്കാർ ഉത്തരവുപ്രകാരം ULCCS-നെ ഏൽപ്പിക്കുകയുണ്ടായി. ആദ്യഘട്ട നിർമ്മാണപ്രവർത്തനത്തിന്റെ അടങ്കൽ തുക സിവിൽ വർക്സ് 15 കോടി രൂപയും ഇലക്ട്രിക്കൽ വർക്സ് 1.59 കോടി രൂപയും ആണ്.

(a) പൂർത്തിയായ പദ്ധതികൾ സംബന്ധിച്ച്

കോഴിക്കോട് ജെന്റർ പാർക്കിന്റെ ആദ്യഘട്ട നിർമ്മാണപ്രവർത്തനങ്ങളിൽ 4 ബ്ലോക്കുകളാണുള്ളത്. ന്യൂ ബ്ലോക്ക്, ആംഫി തിയേറ്റർ, ഗാന്ധി ബ്ലോക്ക്, കൾച്ചറൽ സെന്റർ എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഇതിൽ ന്യൂ ബ്ലോക്ക്, ഗാന്ധി ബ്ലോക്ക് എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചു. ന്യൂ ബ്ലോക്കിൽ 2 നിലകളിലായി 4 കോൺഫറൻസ് ഹാളുകൾ സജ്ജമാക്കിയിട്ടുണ്ട്. സർക്കാർ സ്ഥാപനങ്ങൾ സംഘടിപ്പിക്കുന്ന വർക്ക് ഷോപ്പുകൾ, മീറ്റിംഗുകൾ, പരിശീലന പരിപാടികൾ എന്നിവ ഈ കോൺഫറൻസ് ഹാളുകളിൽ വച്ച് സംഘടിപ്പിക്കുന്നു. നിർമ്മാണ പ്രവർത്തനം പൂർത്തീകരിച്ച ഗാന്ധി ബ്ലോക്കിൽ ലൈബ്രറി, ഹെറിറ്റേജ് മ്യൂസിയം എന്നിവ തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചു

ആംഫി തിയേറ്റർ, കൾച്ചറൽ സെന്റർ എന്നിവയുടെ ഇന്റീരിയർ ജോലികൾ ശേഷിക്കുന്നുണ്ട്. ഇന്റീരിയർ ജോലികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ ഈ ബ്ലോക്കുകളിൽ ശേഷിക്കുന്ന 10% വരുന്ന സിവിൽ വർക്ക്, ഇലക്ട്രിക്കൽ വർക്ക് എന്നിവ പൂർത്തീകരിക്കുവാൻ സാധിക്കുകയുള്ളൂ.

(b) ചെലവഴിച്ച തുക സംബന്ധിച്ച്

ജെന്റർ പാർക്കിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് സ.ഉ. (സാധാ.) നമ്പർ 210/2015/സാ.നീ.വ. തീയതി 30-3-2015 പ്രകാരം 15,00,00,000 രൂപയുള്ള സർക്കാർ അനുമതി ലഭിക്കുകയുണ്ടായി. നാളിതുവരെയായി അനുവദിച്ച തുക, ലഭിച്ച തുക, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

(തുക ലക്ഷത്തിൽ)

| സർക്കാർ ഉത്തരവുകൾ | അനുവദിച്ച തുക | ലഭിച്ച തുക | ചെലവഴിച്ച തുക | ബാലൻസ് തുക |
|---|---|---|---|---|
| സ.ഉ. (സാധാ) നമ്പർ 590 / 2015/സാ.നീ.വ. തീയതി 23-9-2015 | 660.00 | 500.00 | 500.00 | 0.00 |
| സ.ഉ.(സാധാ) നമ്പർ 176/ 2016/സാ.നീ.വ. തീയതി 26-3-2016 | 700.00 | 300.00 | 186.70 | 113.30 |
| സ.ഉ.(സാധാ.) നമ്പർ 194/ 2017/സാ.നീ.വ. തീയതി 28-3-2017 | 1000.00 | 859.34 | 121.10 | 738.24 |
| ആകെ (A) | 2360.00 | 1659.34 | 807.80 | 851.54* |
| *ബാലൻസ് തുകയായ 851.54 ലക്ഷം രൂപ സർക്കാരിലേക്ക് പിൻവലിച്ചു | | | | |
| സ.ഉ. (സാധാ.) നമ്പർ 164/ 2019/സാ.നീ.വ. തീയതി 23-3-2019 | 1050.00 | 779.5 | 463.65 | 315.85 |
| ആകെ (B) | 1050.00 | 779.5 | 463.65 | 315.85 |
| ആകെ തുക (A+B) | 3410.00 | 2438.84 | 1271.45 | 315.85 |

ജെന്റർ പാർക്കിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 2014-15, 2015-16, 2016-17 എന്നീ സാമ്പത്തിക വർഷങ്ങളിലായി ആകെ 2360.00 ലക്ഷം രൂപ അനുവദിച്ചു. ഇതിൽ 1659.34 ലക്ഷം രൂപ ലഭിക്കുകയും 807.80 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. ബാലൻസ് തുകയായ 851.54 ലക്ഷം രൂപ സർക്കാരിലേക്ക് പിൻവലിക്കുകയും ചെയ്തു. തുടർന്ന്, പിൻവലിച്ച 851.54 ലക്ഷം രൂപയിൽ നിന്നും നിർമ്മാണ ഏജൻസിയായ യു.എൽ.സി.സി.എസ്.-ന് നൽകാനുള്ള തുകയായ 456.48 ലക്ഷം രൂപയും എൽ.ബി.എസ്.-ന് മൂന്നാം കക്ഷി കൺസൾട്ടൻസി ചാർജ്ജായി നൽകുവാനുള്ള തുകയായ 7.16 ലക്ഷം രൂപയും ഉൾപ്പെടെ 779.50 ലക്ഷം രൂപ സ.ഉ. (സാധാ.) നമ്പർ 164/2019/സാ.നീ.വ. തീയതി 23-3-2019 പ്രകാരം ലഭിക്കുകയുണ്ടായി. ബാലൻസ് തുകയായ 315.85 ലക്ഷം രൂപ ജെന്റർ പാർക്കിന്റെ PSTSB അക്കൗണ്ടിൽ (A/C No. 799012700001171) നീക്കിയിരിപ്പുണ്ട്.

നാളിതുവരെയായി ജെന്റർ പാർക്കിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ആകെ 3410.00 ലക്ഷം രൂപ അനുവദിക്കുകയും അതിൽ 2438.84 ലക്ഷം രൂപ ലഭിക്കുകയും 1271.45 ലക്ഷം രൂപ ചെലവഴിക്കുകയും 851.54 ലക്ഷം രൂപ സർക്കാരിലേക്ക് പിൻവലിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി 315.85 ലക്ഷം രൂപ നീക്കിയിരിപ്പുണ്ട്.

(c) ഒന്നാം ഘട്ട ഇന്റീരിയർ വർക്ക് നടപ്പിലാക്കുന്നതിനായി കരാർ ഒപ്പ് വയ്ക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ജെന്റർ പാർക്കിനോടനുബന്ധിച്ച് ആരംഭിക്കുന്ന ഹെറിറ്റേജ് മ്യൂസിയം, ജെന്റർ ലൈബ്രറി എന്നിവ സ്ഥാപിക്കുന്നതിനുവേണ്ടി സർക്കാരിൽ നിന്നും ഭരണാനുമതി നൽകിയിട്ടുണ്ട്.

(സാമൂഹ്യനീതി വകുപ്പ് 25-1-2020-ലെ സാ.നീ.വ.-ബി3/155/2017-സാ.നീ.വ. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയത്)

(പ്രസ്തുത നടപടി സ്റ്റേറ്റ്മെന്റ് സമർപ്പിക്കുവാനുണ്ടായ കാലതാമസം സംബന്ധിച്ച ഡിലേ സ്റ്റേറ്റ്മെന്റ് നിയമസഭാ ചട്ടം 236(5) പ്രകാരം 13-1-2021-ന് സഭയിൽ സമർപ്പിക്കുകയും നടപടി സ്റ്റേറ്റ്മെന്റ് 23-2-2021-ലെ യോഗത്തിൽ സമിതി അംഗീകരിക്കുകയും ചെയ്തു.)

2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ സാമൂഹ്യനീതി വകുപ്പുമായി ബന്ധപ്പെട്ട 19, 20, 21, 22, 37,41,42,43,44,45 എന്നീ നമ്പർ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്.

(സാമൂഹ്യനീതി വകുപ്പ് 19-8-2020-ലെ സി2/126/2020/സാ.നീ.വ. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയത്).

### ശിപാർശ നമ്പർ 19

**2235-60-200-72(02)—ആശ്വാസ കിരണം**

ഒരു മുഴുവൻ സമയ പരിചാരകന്റെ സേവനം ആവശ്യമായവിധം കിടപ്പിലായ രോഗികളെയും മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവരെയും ഗുരുതര രോഗമുള്ളവരെയും പരിചരിക്കുന്നവർക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് ആശ്വാസകിരണം. പ്രതിമാസം 600 രൂപ വീതം നിലവിൽ 120301 ഗുണഭോക്താക്കൾക്കും 2019-20 വർഷം പുതുതായി പ്രതീക്ഷിക്കുന്ന 20000 ഗുണഭോക്താക്കൾക്കും നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 59.4167 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

അധിക തുക അനുവദിച്ചിട്ടില്ല.

### ശിപാർശ നമ്പർ 20

**2235-60-200-72(06)—സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലെ അന്തേവാസികളുടെ പരിചാരകർ**

ക്ഷേമ സ്ഥാപനങ്ങളിൽ നിയോഗിച്ചിട്ടുള്ള മൾട്ടിടാസ്ക് കെയർ പ്രൊവൈഡർ, സ്റ്റാഫ് നഴ്സ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ എന്നിവരുടെ വേതനം വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. വർദ്ധിപ്പിച്ച വേതനം നൽകുന്നതിലേയ്ക്കായി ഈ ശീർഷകത്തിൽ 1.4236 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

അധിക തുക അനുവദിച്ചിട്ടില്ല.

### ശിപാർശ നമ്പർ 21

**2235-60-200-72 (07)—വയോമിത്രം**

വയോജനങ്ങൾക്ക് മൊബൈൽ ക്ലിനിക്കിലൂടെ സൗജന്യ ചികിത്സ, സൗജന്യ മരുന്ന്, കൗൺസിലിംഗ് എന്നിവ നൽകി ആരോഗ്യസുരക്ഷ ഉറപ്പാക്കുന്ന സാമൂഹ്യസുരക്ഷാ മിഷൻ നടപ്പാക്കുന്ന പദ്ധതിയാണിത്. 14 ജില്ലകളിലും ഓരോ ബ്ലോക്കിൽ വീതം

(14 ബ്ലോക്ക്) വയോമിത്രം പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിക്കുന്നതിനായി 21.6340 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

അധിക തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ നമ്പർ 22</u>

2235-60-200-72(08)—<u>വിശപ്പുരഹിത നഗരം</u>

പ്രമുഖ ആശുപത്രികളിൽ രോഗികളുടെ കൂടെ നിൽക്കുന്നവർക്കായി ഒരു നേരത്തെ സൗജന്യ ഭക്ഷണം നൽകാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. നിലവിൽ രാത്രികാലങ്ങളിൽ ഭക്ഷണം നൽകുന്നില്ല. 2019-20 വർഷത്തിൽ രാത്രി കാലങ്ങളിൽ ഭക്ഷണം നൽകുന്നതിലേക്ക് 50 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിലേക്ക് 50 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

അധിക തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ നമ്പർ 37</u>

2235-02-103-99-10—<u>സാമൂഹ്യക്ഷേമ ബോർഡ്- അംശദാനം - സംഭാവന</u>

2019-20 വർഷത്തേയ്ക്ക് ബോർഡിന്റെ ഭരണ ചെലവുകൾക്കും ചെയർപേഴ്സന്റെ ഓണറേറിയത്തിനുമായി ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാന വിഹിതമായി 12.228 കോടി രൂപ ആവശ്യമായി വരും. ഇതിനു പുറമേ 2014-15, 2015-16, 2017-18 എന്നീ വർഷങ്ങളിൽ ബോർഡ് ചെയർപേഴ്സന്റെ ഓണറേറിയം നൽകിയ വകയിൽ ചെലവായ 6.24 ലക്ഷം രൂപ കുടിശ്ശിക ഇനത്തിൽ സർക്കാരിൽ നിന്നും ബോർഡിന് ലഭിക്കാനുണ്ട്. 2019-20 വർഷത്തിൽ സർക്കാർ ബജറ്റിൽ ഉൾക്കൊള്ളിച്ച തുക അപര്യാപ്തമായതിനാൽ 32.32 ലക്ഷം രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2019-20 സാമ്പത്തിക വർഷം ബജറ്റ് വിഹിതമായി 66,27,920 രൂപയും ബോർഡ് ചെയർപേഴ്സന്റെ ഓണറേറിയമായ 2,40,000 രൂപയും 2014-15, 2015-16 വർഷങ്ങളിൽ ബോർഡ് ചെയർപേഴ്സന്റെ ഓണറേറിയത്തിനായി ചെലവഴിച്ച 3,28,000 രൂപ കുടിശ്ശിക ഇനത്തിലും അനുവദിച്ചിട്ടുണ്ട്. അതിനാൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി തുക വകയിരുത്തേണ്ടതില്ലായെന്ന വിവരം ബോർഡ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

<u>ശിപാർശ നമ്പർ 41</u>

2235-02-104-99-31—<u>ശ്രീ ചിത്രാ ഹോം സഹായധനം - ശമ്പളം</u>

2235-02-104-99-35—<u>ശ്രീ ചിത്രാ ഹോം സഹായധനം - മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായ ധനം</u>

ശ്രീചിത്രാ ഹോം ജീവനക്കാർക്ക് 2019-20-ലെ ശമ്പള പരിഷ്കരണം നൽകുന്നതിന് ശമ്പള ഇനത്തിൽ 80 ലക്ഷം രൂപ ആവശ്യമാണ്. ആയതിനാൽ നിലവിൽ ബജറ്റിൽ അനുവദിച്ച തുകയ്ക്ക് പുറമേ 31.4 ലക്ഷം രൂപ ശമ്പള ഇനത്തിലും കുട്ടികളുടെ താമസത്തിനുള്ള ബഹുനില കെട്ടിടത്തിന്റെ പ്രോജക്ടിനും കുമാരപുരത്ത് നിർമ്മിക്കുന്ന രോഗീസൗഹൃദ ബഹുനില കെട്ടിടത്തിനും ആയി പൊതുമരാമത്ത് വകുപ്പിന് നൽകേണ്ട മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം എന്ന ഇനത്തിലും 60 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

അധിക തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ നമ്പർ 42</u>

2235-60-200-72(01)—<u>കേരള സാമൂഹ്യസുരക്ഷാ പദ്ധതി - ക്യാൻസർ ബാധിതരായ കുട്ടികൾക്കുവേണ്ടിയുള്ള സുരക്ഷാ പദ്ധതി</u>

18 വയസ്സുവരെയുള്ള ക്യാൻസർ രോഗികളായ കുട്ടികളുടെ ജീവൻ സംരക്ഷിക്കുന്നതിന് പൂർണ്ണമായും സൗജന്യ ചികിത്സ അനുവദിച്ച് നടപ്പാക്കി വരുന്ന ക്യാൻസർ സുരക്ഷാ പദ്ധതി പ്രകാരം, പുതുതായി 600 മുതൽ 700 വരെയുള്ള ഗുണഭോക്താക്കൾക്ക് സൗജന്യ ചികിത്സ നൽകി വരുന്നതായും മുൻ വർഷങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 5000 കുട്ടികൾക്ക് തുടർ ചികിത്സ ലഭ്യമാക്കേണ്ടതാണെന്നും സമിതി

മനസ്സിലാക്കുന്നു. ആയതിനാൽ, നിലവിൽ അനുവദിച്ചിരിക്കുന്ന 3.8 കോടി രൂപ അപര്യാപ്തമായതിനാൽ 2 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അധിക തുക അനുവദിച്ചിട്ടില്ല.

ശിപാർശ നമ്പർ 43

2235-60-200-72(03)—കേരള സാമൂഹ്യസുരക്ഷാ പദ്ധതി -അവിവാഹിതരായ അമ്മമാരുടെയും അവരുടെ കുട്ടികളുടെയും പുനരധിവാസം (സ്നേഹസ്പർശം)

അവിവാഹിതരായ അമ്മമാരെയും അവരുടെ കുട്ടികളെയും പുനരധിവസിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സ്നേഹസ്പർശം എന്ന പദ്ധതിയുടെ ധനസഹായം പ്രതിമാസം 1,000 രൂപയിൽ നിന്ന് 2,000 രൂപയാക്കി ഉയർത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ നിലവിലെ ഗുണഭോക്താക്കൾക്കും പുതിയതായി പ്രതീക്ഷിക്കുന്ന 1200 ഗുണഭോക്താക്കൾക്കും നൽകുന്നതിനായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 5.2376 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അധിക തുക അനുവദിച്ചിട്ടില്ല.

ശിപാർശ നമ്പർ 44

2235-60-200-72(05)— കേരള സാമൂഹ്യസുരക്ഷാ പദ്ധതി - താലോലം

ജന്മനായുള്ള ഹൃദയ വൈകല്യങ്ങളാലും ജനിതക രോഗങ്ങളാലും മറ്റ് ഗുരുതര രോഗങ്ങളാലും കഷ്ടപ്പെടുന്ന 18 വയസ്സുവരെയുള്ള കുട്ടികൾക്ക് പൂർണ്ണമായും സൗജന്യ ചികിത്സ അനുവദിക്കുന്ന താലോലം പദ്ധതി, ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP (C)21897/2016 and WP(C)28250/17-ലെ വിധിന്യായം പ്രകാരം 50 ലക്ഷം രൂപയുടെ കോർപ്പസ് ഫണ്ട് രൂപീകരിക്കുന്നതിന് KSSM എക്സിക്യൂട്ടീവ് ഡയറക്ടറെ GO(Rt)3001/18/H&FWD dated 29-9-2018 പ്രകാരം ചുമതലപ്പെടുത്തി ഉത്തരവ് നൽകിയിട്ടുണ്ട്. അപൂർവ്വ രോഗമായ Pompe ബാധിച്ച കുട്ടികളുടെ ചികിത്സയ്ക്കായി 10 കോടി രൂപ ആവശ്യമുണ്ട്. 25 അപേക്ഷകൾ 3rd respondent ആയി KSSM-ൽ ലഭിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ഒരു കുട്ടിയുടെ ചികിത്സയ്ക്ക് ഒരു വർഷം

50 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ 10 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

245 ലക്ഷം രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ നമ്പർ 45</u>

2235-60-200-72(25)—<u>കേരള സാമൂഹ്യസുരക്ഷാ പദ്ധതി - സമാശ്വാസം</u>

സമാശ്വാസം പദ്ധതിയിൽ നിലവിലുള്ള 9883 ഗുണഭോക്താക്കൾക്കുപുറമെ 2019-20 വർഷം പ്രതീക്ഷിക്കുന്ന 3350 ഗുണഭോക്താക്കൾക്കുകൂടി പദ്ധതിയുടെ ആനുകൂല്യം നൽകുന്നതിന് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 17.3697 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

അധിക തുക അനുവദിച്ചിട്ടില്ല.

(പ്രസ്തുത നടപടി സ്റ്റേറ്റ്മെന്റ് സമർപ്പിക്കുവാനുണ്ടായ കാലതാമസം സംബന്ധിച്ച ഡിലേ സ്റ്റേറ്റ്മെന്റ് നിയമസഭാ ചട്ടം 236(5) പ്രകാരം 22-1-2021-ന് സഭയിൽ സമർപ്പിക്കുകയും നടപടി സ്റ്റേറ്റ്മെന്റ് 23-2-2021-ലെ യോഗത്തിൽ സമിതി അംഗീകരിക്കുകയും ചെയ്തു.)

<u>അദ്ധ്യായം VII</u>

## സമിതിയുടെ പ്രത്യേക റിപ്പോർട്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ

റിപ്പോർട്ട് കാലയളവിൽ സമിതി പ്രത്യേക റിപ്പോർട്ടുകളൊന്നും സഭയിൽ സമർപ്പിച്ചിട്ടില്ല.

കെ. രാധാകൃഷ്ണൻ,

*ചെയർമാൻ,*

*സബ്ജക്ട് കമ്മിറ്റി XIII.*

തിരുവനന്തപുരം,
2021 ആഗസ്റ്റ് 2.

## അനുബന്ധം

## 24-7-2020-ലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XIII, 2020 ജൂലൈ 24-ാം തീയതി വെള്ളിയാഴ്ച ഉച്ചയ്ക്കുശേഷം 3.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 5 'ബി' സമ്മേളന ഹാളിൽ ഗൂഗിൾ മീറ്റ് എന്ന ഓൺലൈൻ സംവിധാനത്തിലൂടെ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതി ചെയർമാനും ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രിയുമായ ശ്രീ. എ. കെ ബാലൻ വീഡിയോ കോൺഫറൻസിലൂടെ അദ്ധ്യക്ഷത വഹിച്ചു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രിയുമായ ശ്രീമതി കെ.കെ.ശൈലജ ടീച്ചറും താഴെപ്പറയുന്ന അംഗങ്ങളും വീഡിയോ കോൺഫറൻസ് മുഖേന യോഗത്തിൽ പങ്കെടുത്തു:

1. ശ്രീ. അൻവർ സാദത്ത്, എം. എൽ.എ.
2. ശ്രീമതി സി. കെ ആശ, എം. എൽ.എ.
3. ശ്രീ. എം. മുകേഷ്, എം. എൽ.എ.
4. ശ്രീ. യു. ആർ. പ്രദീപ്, എം. എൽ. എ.
5. ശ്രീ. സി. കെ. ശശീന്ദ്രൻ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

1. ശ്രീ. മാത്യൂക്കുട്ടി ജി., അഡീഷണൽ സെക്രട്ടറി
2. ശ്രീമതി ആർ. രാജേശ്വരി, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥ</u> :

1. ശ്രീമതി എസ്. സന്ധ്യ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.

<u>വീഡിയോ കോൺഫറൻസ് മുഖേന പങ്കെടുത്ത ഉദ്യോഗസ്ഥർ</u>:

1. ശ്രീ. ടി. കെ. ജോസ്, ഐ. എ. എസ്., അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.
2. ശ്രീ. പുനീത് കുമാർ, ഐ.എ.എസ്., പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്, പിന്നാക്ക വിഭാഗ വികസന വകുപ്പ്.
3. ശ്രീ. കെ. ആർ. ജ്യോതിലാൽ, ഐ.എ.എസ്, പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്.

4. ശ്രീമതി ഷീബാ ജോർജ്ജ്, ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്.

5. ശ്രീ. എസ്. സന്തോഷ്, ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ, പ്രിസൺ ഹെഡ് ക്വാർട്ടേഴ്സ്.

6. ശ്രീ. മുഹമ്മദ് അൻസാരി, അഡീഷണൽ സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്.

സമിതി 2017-18, 2019-20 എന്നീ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ വിവിധ സർക്കാർ വകുപ്പുകൾ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ, 262/2020 നമ്പർ എസ്.ആർ.ഒ., 2019-20 സാമ്പത്തിക വർഷത്തെ ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്, 2019 ഏപ്രിൽ 1 മുതൽ 2020 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് എന്നിവ പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

1. 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ വിവിധ വകുപ്പുകൾ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ

(ഫയൽ നമ്പർ 3334/സബ്.സി.ജി2/2019/നി.സെ.)

പ്രസ്തുത റിപ്പോർട്ടിലെ 1,2,3,4,5 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ പട്ടികജാതി വികസന വകുപ്പും ഖണ്ഡിക 16-ലെ ശിപാർശയിന്മേൽ സാമൂഹ്യനീതി വകുപ്പും ഖണ്ഡിക 47-ലെ ശിപാർശയിന്മേൽ ആഭ്യന്തര വകുപ്പും ഖണ്ഡിക 48, 49 എന്നിവയിന്മേൽ പൊതുഭരണ (ഏകോപനം) വകുപ്പും ഖണ്ഡിക 51, 52, 53, 54 എന്നിവയിലെ ശിപാർശകളിന്മേൽ പൊതുഭരണ (സൈനികക്ഷേമ) വകുപ്പും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2. 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ഖണ്ഡിക 1-ലെ ശിപാർശയിന്മേൽ പട്ടികജാതി വികസന വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ്

(ഫയൽ നമ്പർ 1910/സബ്.സി.ജി2/2017/നി.സെ.)

പ്രസ്തുത നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു

3. Rights of Persons with Disabilities (Kerala) Rules-2020-262/2020 നമ്പർ എസ്.ആർ ഒ.- യുടെ പരിഗണന

(ഫയൽ നമ്പർ 2067/സബ്.സി.ജി2/2020/നി.സെ.)

പ്രസ്തുത എസ്.ആർ.ഒ. പ്രസിദ്ധപ്പെടുത്തിയ നടപടി സമിതി സാധൂകരിച്ചു

4. 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്

(ഫയൽ നമ്പർ 3334/സബ്.സി.ജി2/19/നി.സെ.)

പ്രസ്തുത റിപ്പോർട്ട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

5. സമിതിയുടെ 2019 എപ്രിൽ 1 മുതൽ 2020 മാർച്ച് 31 വരെയുള്ള കാലയളവിലെ പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട്

(ഫയൽ നമ്പർ 2521/സബ്.സി.ജി2/2020/നി.സെ.)

പ്രസ്തുത റിപ്പോർട്ട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

യോഗം ഉച്ചയ്ക്കുശേഷം 3.20-ന് അവസാനിച്ചു.

## 28-10-2020-ലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XIII, 2020 ഒക്ടോബർ 28-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് 12.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 5 'ബി' സമ്മേളന ഹാളിൽ ഗൂഗിൾ മീറ്റ് എന്ന ഓൺലൈൻ സംവിധാനത്തിലൂടെ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതി ചെയർമാനും ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രിയുമായ ശ്രീ. എ. കെ. ബാലൻ വീഡിയോ കോൺഫറൻസിലൂടെ അദ്ധ്യക്ഷത വഹിച്ചു. താഴെപ്പറയുന്ന അംഗങ്ങളും വീഡിയോ കോൺഫറൻസ് മുഖേന യോഗത്തിൽ പങ്കെടുത്തു:

1. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, എം. എൽ.എ.

2. ശ്രീ. അൻവർ സാദത്ത്, എം. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

1. ശ്രീ. മാത്യൂക്കുട്ടി ജി., അഡീഷണൽ സെക്രട്ടറി

2. ശ്രീ. വി. ജി റിജു ഡെപ്യൂട്ടി സെക്രട്ടറി

3. ശ്രീമതി ആർ. രാജേശ്വരി, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീ. പുനീത് കുമാർ, ഐ.എ.എസ്., പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്, പിന്നാക്ക വിഭാഗ വികസന വകുപ്പ്.
2. ശ്രീ. സുരേഷ് കുമാർ പി. എൻ., അഡീഷണൽ സെക്രട്ടറി, പിന്നാക്കവിഭാഗ വികസന വകുപ്പ്.
3. ശ്രീ. ആർ. ഷിബു, ഡെപ്യൂട്ടി ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്.

<u>വീഡിയോ കോൺഫറൻസ് മുഖേന പങ്കെടുത്ത ഉദ്യോഗസ്ഥർ :</u>

1. ശ്രീ. ടി. കെ ജോസ്, ഐ. എ. എസ്., അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്
2. ശ്രീ. പി. പുകഴേന്തി, ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്.
3. ശ്രീമതി ലക്ഷ്മി രഘുനാഥൻ, സീനിയർ ഫിനാൻസ് ഓഫീസർ, പ്രിസൺസ് ഹെഡ്ക്വാർട്ടേഴ്സ്
4. ശ്രീ. ശ്രീകുമാർ വി., അക്കൗണ്ട്സ് ഓഫീസർ, പ്രിസൺസ് ഹെഡ്ക്വാർട്ടേഴ്സ്.

സമിതി 2017-18, 2020-21 എന്നീ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ വിവിധ സർക്കാർ വകുപ്പുകൾ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ, പിന്നാക്കവിഭാഗ വികസനം, ആഭ്യന്തരം എന്നീ വകുപ്പുകൾ ലഭ്യമാക്കിയ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടും കാലതാമസപത്രികയും എന്നിവ പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

1. 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ 2-ാം നമ്പർ ഖണ്ഡികയിലെ ശിപാർശയിന്മേൽ പട്ടികജാതി വികസന വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ്

(ഫയൽ നമ്പർ 1910/സബ്.സി ജി2/2017/നി.സെ.)

പ്രസ്തുത നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു

2. 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ 76-ാം നമ്പർ ഖണ്ഡികയിലെ ശിപാർശയിന്മേൽ ആഭ്യന്തര വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ്

(ഫയൽ നമ്പർ 1687/സബ്.സി .ജി2/2020/നി.സെ.)

പ്രസ്തുത നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു

3. പിന്നാക്കവിഭാഗ വികസനം, ആഭ്യന്തരം എന്നീ വകുപ്പുകൾ ലഭ്യമാക്കിയ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടും കാലതാമസപത്രികയും

(ഫയൽ നമ്പർ 111/സബ്.സി. ജി2/2019/നി.സെ.)

ആഭ്യന്തര വകുപ്പ് ലഭ്യമാക്കിയ വാർഷിക പ്രവർത്തന റിപ്പോർട്ടും കാലതാമസപത്രികയും സമിതി അംഗീകരിച്ചു.

പിന്നാക്കവിഭാഗ വികസന വകുപ്പ് ലഭ്യമാക്കിയ വാർഷിക പ്രവർത്തന റിപ്പോർട്ട് പരിഗണിച്ച സമിതി കേരള സംസ്ഥാന പിന്നാക്കവിഭാഗ വികസന കോർപ്പറേഷന് 2018-19 സാമ്പത്തിക വർഷത്തിൽ സർക്കാരിൽനിന്നും ഓഹരി മൂലധനമായി തുകയൊന്നും ലഭിച്ചിട്ടില്ല എന്ന വസ്തുത നിരീക്ഷിക്കുകയും 2019-20-ൽ ഈയിനത്തിൽ എത്ര തുക ലഭിച്ചിട്ടുണ്ടെന്ന് ആരായുകയും ചെയ്തു. 2019-20-ൽ 2.28 കോടി രൂപ മാത്രമേ ലഭിച്ചിട്ടുള്ളു എന്ന് പിന്നാക്കവിഭാഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി. ഓഹരി മൂലധനസഹായം ലഭിക്കാത്തത് പിന്നാക്കവിഭാഗ വികസന കോർപ്പറേഷന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്ന വിവരം പിന്നാക്ക വിഭാഗ വികസന വകുപ്പിനെയും ധനകാര്യ വകുപ്പിനെയും അറിയിക്കണമെന്ന് സമിതി നിർദ്ദേശിക്കുകയും പ്രസ്തുത വാർഷിക പ്രവർത്തന റിപ്പോർട്ടും കാലതാമസപത്രികയും അംഗീകരിക്കുകയും ചെയ്തു.

## സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ ഫയലുകൾ

4. ആദിവാസികളുടെ ഭൂമി പ്രശ്നവുമായി ബന്ധപ്പെട്ട് സമിതി ആവശ്യപ്പെട്ട വിവരങ്ങൾ സംബന്ധിച്ച്

(ഫയൽ നമ്പർ 46/സബ്.സി. ജി2/2017/നി.സെ.)

പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് സമിതി ആവശ്യപ്പെട്ട അധികവിവരങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് ലഭ്യമാക്കിയ മറുപടി സമിതി പരിഗണിക്കുകയും ആദിവാസികളുടെ ഭൂമി പ്രശ്നം സംബന്ധിച്ച് വനാവകാശ നിയമപ്രകാരം ലഭിച്ച അപേക്ഷകളിൽ തീർപ്പാക്കാൻ അവശേഷിച്ച 3224 അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ആരായുകയും ചെയ്തു.

22-12-2016-ലെ സബ്ജക്ട് കമ്മിറ്റി യോഗത്തിനുശേഷം 1533 അപേക്ഷകൾ പാസ്സാക്കുകയും മുമ്പ് ഡി.എൽ.സി. പാസ്സാക്കിയിരുന്നതുൾപ്പെടെ 1196 ഗുണഭോക്താക്കൾക്ക് 1414 ഏക്കർ ഭൂമിയുടെ കൈവശാവകാശ രേഖകൾ വിതരണം ചെയ്യുകയും ചെയ്തിട്ടുള്ളതായും ഡി.എൽ.സി. പാസ്സാക്കിയതിൽ 1118 അപേക്ഷകളിന്മേലാണ് ഭൂമി വിതരണം ചെയ്യാൻ ബാക്കിയുള്ളതെന്നും ഇതിന്റെ വിശദമായ കണക്ക് ലഭ്യമാക്കാമെന്നും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ സമിതി മുമ്പാകെ അറിയിച്ചു.

വനഭൂമിയിൽ വ്യക്തിഗത അവകാശം ലഭിച്ച ഒരംഗം മരണമടഞ്ഞാൽ അയാളുടെ മക്കളുടെ പേരാണോ ആർ.ഒ.ആർ.-ൽ ഉൾപ്പെടുത്തേണ്ടത് എന്നത് സംബന്ധിച്ച് ലീഗൽ ഒപ്പീനിയൻ തേടിയിരുന്നതിന് മറുപടി ലഭിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് നിയമ വകുപ്പിൽ നിന്നും മറുപടി ലഭിച്ചിട്ടുണ്ടെന്നും നിയമത്തിലെ heritable but not alienable എന്ന വ്യവസ്ഥ അനുസരിച്ച് എഫ്.ആർ.സി.-യിലെ ഒരംഗം മരണമടയുന്ന സാഹചര്യത്തിൽ മക്കളുടെ പേരിലേക്ക് ആർ.ഒ.ആർ. മാറ്റിക്കൊടുക്കാൻ തടസ്സമില്ലെന്ന നിയമോപദേശം ലഭിച്ചുവെന്നും എന്നാൽ ഗിഫ്റ്റായി നൽകുന്നതിനോ വിൽപ്പത്രമെഴുതി നൽകുന്നതിനോ വിഭജിച്ച് നൽകുന്നതിനോ വ്യവസ്ഥയില്ല എന്നും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു. ഭൂവിതരണം സംബന്ധിച്ച ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനും, ഭൂമിയില്ലാത്ത ആളുകളെയും, വനത്തിനകത്തോ പുറത്തോ ഭൂമിയുള്ളവരെയും തിരിച്ചറിയുന്നതിനും പ്രസ്തുത ജോലികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുമായി ഡി.എഫ്.ഒ.-മാരുടെ സേവനം ഉപയോഗപ്പെടുത്തുന്നതിന് പ്രിൻസിപ്പൽ കൺസർവേറ്റർ ഓഫ് ഫോറസ്റ്റിനെ സമിതി ചുമതലപ്പെടുത്തിയിരുന്നുവെങ്കിലും സ്വീകരിച്ച തുടർനടപടികൾ സംബന്ധിച്ച് വനം വകുപ്പ് മറുപടി ലഭ്യമാക്കാത്തതിന്റെ കാരണം സമിതി ആരാഞ്ഞു.

28-6-2019-ൽ ഇതിനുവേണ്ടി ഒരു പ്രത്യേക ജില്ലാതല ടാസ്ക് ഫോഴ്സ് രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവായിരുന്നുവെന്നും. ജില്ലാ കളക്ടർ ചെയർമാനായും ട്രൈബൽ ഡിപ്പാർട്ട്മെന്റിന്റെ പ്രോജക്ട് ഓഫീസർ, ഡി.എഫ്.ഒ. ഡെപ്യൂട്ടി കളക്ടർ (എൽ.ആർ.), ഡെപ്യൂട്ടി ഡയറക്ടർ (സർവ്വേ വകുപ്പ്) എന്നിവർ അംഗങ്ങളായി ഓരോ ജില്ലയിലും ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ടെന്നും പ്രസ്തുത ജോലികൾ ഇവരുടെ ചുമതലയിൽ വരുന്നതാണെന്നും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

ടാസ്ക് ഫോഴ്സ് രൂപീകരിച്ചതിനുശേഷം ഭൂമി വിതരണവുമായി ബന്ധപ്പെട്ട് തുടർനടപടി കളെന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് ഭൂമി വിതരണത്തിനുള്ള നടപടികൾ നടന്നുവരികയാണെന്നും, ഫോറസ്റ്റ് റൈറ്റ് ആക്ടിന്റെ ഇംപ്ലിമെന്റേഷൻ, വെസ്റ്റഡ് ഫോറസ്റ്റ് വിതരണം ചെയ്യൽ തുടങ്ങിയവയ്ക്കായി ജോയിന്റ് വെരിഫിക്കേഷൻ നടത്തിവരികയാണെന്നും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ മറുപടി നൽകി.

1975-ലെ The Kerala Scheduled Tribes (Restriction on Transfer of Land and Restoration of Alienated Land) Act-ലെ 1999-ലെ ഭേദഗതി പ്രകാരം അഞ്ച് ഏക്കറിൽ കൂടുതൽ ഭൂമി കൈവശമുള്ളവർ അഞ്ച് ഏക്കർ കഴിച്ചുള്ള ഭൂമി തിരികെ കൊടുക്കണമെന്ന വ്യവസ്ഥ പ്രായോഗികമാക്കുന്നതിനും ഇപ്രകാരം ഭൂമി കൈവശമുള്ളവരുടെ ലിസ്റ്റ് തയ്യാറാക്കി തുടർനടപടികളെക്കുറിച്ച് ആലോചിക്കണമെന്ന സമിതി നിർദ്ദേശത്തിന്മേൽ റവന്യൂ വകുപ്പ് നാളിതുവരെയും മറുപടി ലഭ്യമാക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും ആയത് ഒരു മാസത്തിനുള്ളിൽ സമർപ്പിക്കണമെന്ന് റവന്യൂ വകുപ്പിന് കർശന നിർദ്ദേശം നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തു.

വീട്ടുകൾ വൈദ്യുതീകരിക്കുന്നതിനും വന്യജീവികളുടെ ആക്രമണവുമായി ബന്ധപ്പെട്ട് മലയോര മേഖലയിലെ ജനങ്ങളും വനം വകുപ്പും തമ്മിൽ നിലനിൽക്കുന്ന തർക്കം പരിഹരിക്കുന്നതിനും സ്വീകരിച്ച നടപടികളുടെ റിപ്പോർട്ട് ഒരു മാസത്തിനുള്ളിൽ ലഭ്യമാക്കണമെന്ന് വനം വകുപ്പിന് നിർദ്ദേശം നൽകുന്നതിന് സമിതി തീരുമാനിച്ചു

5. പഴക്കം ചെന്ന നിയമസഭാ സമിതി റിപ്പോർട്ടുകളിന്മേലുള്ള തുടർനടപടി തീർപ്പാക്കുന്നത് സംബന്ധിച്ച്

(ഫയൽ നമ്പർ 3312/സബ്.സി. ജി2/2020/നി.സെ.)

സമിതിയുടെ 2015-16, 2016-17, 2017-18, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ നടപടി സ്റ്റേറ്റ്മെന്റും കാലതാമസപത്രികയും ഇനിയും ലഭ്യമാക്കുവാനുള്ള പട്ടികജാതി പട്ടികവർഗ്ഗ വികസനം, പൊതുമരാമത്ത് എന്നീ വകുപ്പുകളോട് അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് ആവശ്യപ്പെടുന്നതിന് സമിതി തീരുമാനിച്ചു

യോഗം ഉച്ചയ്ക്ക് 12.30-ന് അവസാനിച്ചു.

## 31-12-2020-ലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII, 2020 ഡിസംബർ 31-ാം തീയതി വ്യാഴാഴ്ച ഉച്ചയ്ക്ക് ശേഷം 3.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 5 'എ' സമ്മേളനഹാളിൽ ഗൂഗിൾ മീറ്റ് എന്ന ഓൺലൈൻ സംവിധാനത്തിലൂടെ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതി ചെയർമാനും ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രിയുമായ ശ്രീ. എ. കെ. ബാലൻ വീഡിയോ കോൺഫറൻസിലൂടെ അദ്ധ്യക്ഷത വഹിച്ചു താഴെപ്പറയുന്ന അംഗങ്ങളും യോഗത്തിൽ ഹാജരായിരുന്നു:

1. ശ്രീ. ഒ. ആർ കേളു, എം. എൽ.എ.
2. ശ്രീ. സി. കെ. ശശീന്ദ്രൻ, എം. എൽ.എ .

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. മാത്യുക്കുട്ടി ജി., അഡീഷണൽ സെക്രട്ടറി
2. ശ്രീ. വി. ജി. റിജു, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ആർ. രാജേശ്വരി, അണ്ടർ സെക്രട്ടറി .

<u>വീഡിയോ കോൺഫറൻസ് മുഖേന പങ്കെടുത്ത ഉദ്യോഗസ്ഥർ :</u>

1. ശ്രീ. ടി. കെ. ജോസ്, ഐ.എ.എസ്., അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.
2. ശ്രീ. കെ. ആർ. ജ്യോതിലാൽ, ഐ.എ.എസ്., പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്.
3. ശ്രീ. പുനീത് കുമാർ, ഐ.എ.എസ്., പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്, പിന്നാക്ക വിഭാഗ വികസന വകുപ്പ്.
4. ശ്രീമതി ശ്രീവിദ്യ പി. ഐ., ഐ.എ.എസ്., ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്.
5. ശ്രീമതി ലക്ഷ്മി രഘുനാഥൻ, സീനിയർ ഫിനാൻസ് ഓഫീസർ, പ്രിസൺസ് ഹെഡ്ക്വാർട്ടേഴ്സ്.

സമിതി 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ, 2019-20 സാമ്പത്തിക വർഷത്തെ ആഭ്യന്തരം, സൈനികക്ഷേമം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ എന്നിവ പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

1. 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ 1, 8 എന്നീ നമ്പർ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ

(ഫയൽ നമ്പർ 1687/സബ്.സി .ജി2/2020/നി.സെ.)

പ്രസ്തുത നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു

2. ആഭ്യന്തരം, സൈനികക്ഷേമം എന്നീ വകുപ്പുകൾ ലഭ്യമാക്കിയ 2019-20 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ

(ഫയൽ നമ്പർ 89/സബ്.സി. ജി2/2020/നി.സെ.)

പ്രസ്തുത വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ സമിതി അംഗീകരിച്ചു

യോഗം വൈകുന്നേരം 3.30-ന് അവസാനിച്ചു.

## 23-2-2021-ലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII, 2021 ഫെബ്രുവരി 23-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്ക് 12.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 5 'ബി' സമ്മേളന ഹാളിൽ ഗൂഗിൾ മീറ്റ് എന്ന ഓൺലൈൻ സംവിധാനത്തിലൂടെ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതി ചെയർമാനും ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രിയുമായ ശ്രീ. എ. കെ. ബാലൻ വീഡിയോ കോൺഫറൻസിലൂടെ അദ്ധ്യക്ഷത വഹിച്ചു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രിയുമായ ശ്രീമതി കെ.കെ.ശൈലജ ടീച്ചറും സമിതി അംഗമായ പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, എം.എൽ.എ.-യും വീഡിയോ കോൺഫറൻസ് മുഖേന യോഗത്തിൽ പങ്കെടുത്തു.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

1. ശ്രീ. വി. ജി. റിജു, ഡെപ്യൂട്ടി സെക്രട്ടറി
2. ശ്രീമതി ആർ. രാജേശ്വരി, അണ്ടർ സെക്രട്ടറി .

<u>വീഡിയോ കോൺഫറൻസ് മുഖേന പങ്കെടുത്ത ഉദ്യോഗസ്ഥർ</u>:

1. ശ്രീ. പുനീത് കുമാർ, ഐ.എ.എസ്., പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്, പിന്നാക്ക വിഭാഗ വികസന വകുപ്പ്.
2. ശ്രീ. ബിജു പ്രഭാകർ, ഐ.എ.എസ്., സെക്രട്ടറി സാമൂഹ്യനീതി, വനിത-ശിശുവികസന വകുപ്പ്.
3. ശ്രീ. കെ. ഗോപാലകൃഷ്ണ ഭട്ട്, സെക്രട്ടറി, സൈനികക്ഷേമ വകുപ്പ്.
4. ശ്രീ. എൻ. സുകുമാരൻ, ജോയിന്റ് സെക്രട്ടറി, പൊതുഭരണ വകുപ്പ്.
5. ഡോ. പി. പുകഴേന്തി, ഐ.എഫ്.എസ്., ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ് .
6. ശ്രീമതി ശ്രീവിദ്യ പി.ഐ., ഐ.എ.എസ്., ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ് .

സമിതി 2015-16, 2016-17, 2017-18, 2019-20, 2020-21 എന്നീ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ പട്ടികജാതി പട്ടികവർഗ്ഗ വികസനം, സാമൂഹ്യനീതി എന്നീ വകുപ്പുകൾ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ, 2018-19, 2019-20 എന്നീ സാമ്പത്തിക വർഷങ്ങളിലെ പട്ടികജാതി വികസനം, പിന്നാക്കവിഭാഗ വികസനം, പൊതുഭരണം,

സൈനികക്ഷേമം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ, കാലതാമസപത്രികകൾ എന്നിവ പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

1. 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ 59, 63 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ സാമൂഹ്യനീതി വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു

(ഫയൽ നമ്പർ 1687/സബ്.സി.ജി2/2020/നി.സെ.)

2. 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ഖണ്ഡിക 19, 20, 21, 22,37, 41,42,43, 44, 45 എന്നിവയിലെ ശിപാർശകളിന്മേൽ സാമൂഹ്യനീതി വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റും കാലതാമസപത്രികയും പരിഗണിക്കവേ പ്രസ്തുത റിപ്പോർട്ടിലെ 37-ാം ഖണ്ഡികയിലെ 2235-02-103-99-10—സാമൂഹ്യക്ഷേമ ബോർഡ് അംശദാനം-സംഭാവന എന്ന ശീർഷകത്തിൽ സാമൂഹ്യക്ഷേമ ബോർഡിന്റെ ഭരണച്ചെലവുകൾക്കും ചെയർപേഴ്സണ് ഓണറേറിയം നൽകുന്നതിനുമായി കൂടുതൽ തുക വകയിരുത്താത്തതുമൂലം ബുദ്ധിമുട്ട് നേരിടുന്നുണ്ടെന്ന് സാമൂഹ്യനീതി വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു എല്ലാ ഖണ്ഡികകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകളും കാലതാമസപത്രികയും സമിതി അംഗീകരിച്ചു

(ഫയൽ നമ്പർ 3334/സബ്.സി.ജി2/2019/നി.സെ.)

3. 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ 31-ലെ ശിപാർശയിന്മേൽ സാമൂഹ്യനീതി വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

(ഫയൽ നമ്പർ 1910/സബ്.സി. ജി2/2017/നി.സെ.)

4. 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക 2-ലെ ശിപാർശയിന്മേൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു

(ഫയൽ നമ്പർ 4411/സബ്.സി ജി2/2016/നി.സെ.)

5. 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ഖണ്ഡിക 3-ലെ ശിപാർശയിന്മേൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു

(ഫയൽ നമ്പർ 3296/സബ്.സി.ജി2/2015/നി.സെ.)

6. 2019-20 സാമ്പത്തിക വർഷത്തെ പൊതുഭരണ (എഫ്.എഫ്.പി.ബി.) വകുപ്പുമായി ബന്ധപ്പെട്ട വാർഷിക പ്രവർത്തന റിപ്പോർട്ടും പിന്നാക്കവിഭാഗ വികസന വകുപ്പുമായി ബന്ധപ്പെട്ട വാർഷിക പ്രവർത്തന റിപ്പോർട്ടും കാലതാമസപത്രികയും സമിതി അംഗീകരിച്ചു

(ഫയൽ നമ്പർ 89/സബ്.സി.ജി2/2020/നി.സെ.)

7. പട്ടികജാതി വികസനം, സൈനികക്ഷേമം എന്നീ വകുപ്പുകൾ ലഭ്യമാക്കിയ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടുകളും കാലതാമസപത്രികയും സമിതി അംഗീകരിച്ചു

(ഫയൽ നമ്പർ 111/സബ്.സി.ജി2/2019/നി.സെ.)

**സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ ഫയൽ**

8. പട്ടികവർഗ്ഗ കോളനികളിലെയും പട്ടികവർഗ്ഗക്കാർ താമസിക്കുന്ന പ്രദേശങ്ങളിലെയും വിദ്യാഭ്യാസ, ആരോഗ്യ പരിപാടികൾ, സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തൽ എന്നിവയുടെ പഠനം സംബന്ധിച്ച് സമിതി ആരാഞ്ഞ അധികവിവരങ്ങളിന്മേൽ മറുപടി ലഭ്യമാക്കുന്നത് സംബന്ധിച്ച്.

(ഫയൽ നമ്പർ 5482/സബ്.സി. ജി2/2014/ നി.സെ.)

2015-16 കാലയളവിലെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തനം സംബന്ധിച്ചും 2014-15 മുതൽ 2016-17 വരെയുള്ള കാലയളവിലെ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ധനസഹായം സംബന്ധിച്ചുള്ള അധികവിവര റിപ്പോർട്ട് പട്ടികവർഗ്ഗ വികസന വകുപ്പ് ഇനി ലഭ്യമാക്കുന്നതിൽ പ്രസക്തി ഇല്ല എന്ന് സമിതി വിലയിരുത്തുകയും പട്ടികവർഗ്ഗക്കാർ താമസിക്കുന്ന പ്രദേശങ്ങളിലെ വിദ്യാഭ്യാസ, ആരോഗ്യ പരിപാടികൾ, സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തൽ എന്നിവ സംബന്ധിച്ച് സർക്കാർ ഇപ്പോൾ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദമായ റിപ്പോർട്ട് വകുപ്പിനോട് ആവശ്യപ്പെടുന്നതിന് തീരുമാനിക്കുകയും ചെയ്തു.

യോഗം ഉച്ചയ്ക്കുശേഷം 12.20-ന് അവസാനിച്ചു.

---

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.